# അക്കാദമിക മാസ്റ്റർപ്ലാൻ

## ജി.എൽ.പി.എസ്
## മുറമ്പാത്തി

# ആമുഖം

കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോരമേഖലയിൽ ഉൾപ്പെട്ട കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആദ്യ സർക്കാർ വിദ്യാലയമാണ് മുറമ്പാത്തി ഗവ. എൽ.പി സ്കൂൾ. ചാലിപ്പുഴയുടെ തീരത്ത് 1961 ജൂൺ മാസത്തിൽ പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം കഴിഞ്ഞ 64 വർഷമായി ഈ മലയോര ഗ്രാമത്തിലെ തലമുറക്ക് അക്ഷര വെളിച്ചം പകർന്നു നൽകി അതിന്റെ പ്രയാണം തുടരുകയാണ്.

വളരെ പരിമിതമായ ഭൗതിക സൗകര്യങ്ങളും യാത്രാ സൗകര്യങ്ങളും മാത്രമുണ്ടായിരുന്ന ആദ്യകാലഘട്ടത്തിൽ പോലും ഇരുന്നൂറിലധികം വിദ്യാർത്ഥികളും എട്ടോളം ജീവനക്കാരും ഇവിടെയുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഉണ്ടായ സാമൂഹിക മാറ്റങ്ങളും വിദ്യാഭ്യാസ മേഖലയിലെ ചില പുതിയ പ്രവണതകളും ഈ വിദ്യാലയത്തിന്റെ വളർച്ചാ മുരടിപ്പിനും കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നതിനും കാരണമായി. കേവലം 33 കുട്ടികൾ മാത്രമായി വിദ്യാലയം അടച്ചുപൂട്ടലിന്റെ വക്കത്തെത്തി.

എന്നാൽ 2016-17 വർഷം മുതൽ വിദ്യാലയത്തിന്റെ വളർച്ചയിൽ ഒരു കുതിച്ചുചാട്ടമുണ്ടായി. ഭൗതിക സാഹചര്യ വികസനവും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തലും മുഖ്യ ലക്ഷ്യങ്ങളായി കണ്ടുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ, അധ്യാപകർ എന്നിവരുടെ ഇടപെടലുകൾ മൂലം ഈ മുന്നേറ്റത്തിന് വിദ്യാലയത്തെ പ്രാപ്തമാക്കി.

വിദ്യാർത്ഥികളുടെ സമയം ഒട്ടും നഷ്ടപ്പെടാത്ത വിധത്തിൽ, വിവിധ നിലവാരക്കാരായ വിദ്യാർത്ഥികളെ പരിഗണിച്ച് കൊണ്ടും ഭാഷ, ഗണിതം, പരിസര പഠനം, ഇംഗ്ലീഷ്, എന്നീ വിഷയങ്ങളിൽ അക്കാദമിക മികവ് ലക്ഷ്യം വെച്ചുകൊണ്ടും വിവിധ പ്രവർ

ഞങ്ങൾ എസ്. എം. സി / എസ്. ആർ. ജി എന്നിവയുടെ സഹകരണത്തോടെ ആസൂത്രണം ചെയ്തിരിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

പൊതുലക്ഷ്യങ്ങൾ :

* പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കും.
* അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലക്ഷ്യമാക്കി കൊണ്ട് അനന്യമായ കേരള മാതൃക സൃഷ്ടിക്കും.
* കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റും.
* വായനശാല, ലബോറട്ടറി എന്നിവ ആധുനിക വൽക്കരിക്കും.
* സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര വിദ്യാഭ്യാസം
* പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകും
* സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
* ഭൗതിക, മാനവിക, സാംസ്കാരിക സൗകര്യങ്ങൾ പാഠ്യേതര പ്രവർത്തനങ്ങൾക്കായി ഒരുക്കും.
* ലഹരിവിരുദ്ധ മനോഭാവം വളർത്തുക.
* പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരിമുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും.
* ക്ലാസ് മുറികൾ ഹൈടെക് ആക്കും.
* കാർഷിക സംസ്കാരം വളർത്തും.
* നിലവാരമുള്ള അധ്യാപന പരിശീലനം.
* വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ ഉതകിയ സംവിധാനങ്ങൾ രൂപപ്പെടുത്തും.
* സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തും, ആകർഷകമാക്കും.

# അക്ഷര വെളിച്ചം

ഉദ്ദേശ ലക്ഷ്യങ്ങൾ:

2025-26 കാലയളവിൽ അക്ഷരം അറിയാത്ത ഒരു കുട്ടിപോലും സ്കൂൾ വിട്ട് പുറത്തുപോകരുതാത്തതും കുട്ടിയുടെ പഠനനിലവാരം ഉയർത്തുകയെന്നതും ലക്ഷ്യമാക്കി കൊണ്ട് അക്ഷരവെളിച്ചം നടപ്പാക്കുന്നതിന് തീരുമാനിച്ചു.

3,4 ക്ലാസിലെ ഭാഷാപഠനത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ പരിഗണിച്ചാണ് ഈ പ്രവർത്തനത്തിന് തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്നത്.

പ്രശ്നം:

1,2 ക്ലാസുകളിൽ അക്ഷര പഠനം പൂർത്തീകരിച്ചെങ്കിലും ഭാഷാപ്രയോഗത്തിലും തെറ്റുകൂടാതെ എഴുതി പ്രതിഫലിപ്പിക്കുന്നതിനും കുട്ടികൾക്ക് പ്രയാസങ്ങൾ അനുഭവപ്പെടുന്നു. ഇത് തരണം ചെയ്ത് നാലാം ക്ലാസ് കടന്നു പോകുന്ന മുഴുവൻ കുട്ടികളും ഭാഷയിൽ മികവ് പുലർത്തേണ്ടതാണ്. ഭാഷയുടെ പ്രയോഗമേഖലയിൽ കുട്ടികൾക്കുള്ള അനുഭവം കുറവാണ്. എന്നതാണ് ഇതിനു കാരണം. ഇത് പരിഹരിക്കേണ്ടതുണ്ട്.

പ്രവർത്തനങ്ങൾ

കുട്ടികളുടെ മനസ്സിൽ തങ്ങി നിൽക്കുന്ന പ്രവർത്തനങ്ങൾ നൽകണം.

എല്ലാവരെയും ഒരുപോലെ ചിന്തിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഒരുക്കണം.

അക്ഷര വിടവ് പാലിച്ച് എഴുതണം.

സ്വയം തെറ്റ് തിരുത്താൻ അവസരം നൽകണം.

ഉച്ചാരണം കൃത്യമാക്കണം (അധ്യാപക മാതൃക)

ലഘു വാക്യങ്ങൾ ഉപയോഗിക്കണം.

പ്രവർത്തനങ്ങൾ കഴിയുമ്പോൾ പുതിയ പാഠം നൽകുന്നു.

ഭാഷ വ്യത്യാസം തിരിച്ചറിയണം.

കഥ, വീഡിയോ എന്നിവ നിശ്ചിത സമയത്ത് നിർത്തി അതിനോട് സംവദിക്കണം.

ടീച്ചർ ടെക്സ്റ്റുകൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

അഭിനയ സാധ്യത പ്രയോജനപ്പെടുത്തി പഠനം രസകരമാക്കുന്നു. സൗഹൃദപരമായ പഠനാന്തരീക്ഷം ക്ലാസിൽ ഒരുക്കണം.

രക്ഷിതാക്കളുടെ കൈത്താങ്ങ് ഇതിനൊക്കെ ആവശ്യമാണ് അതിനാൽ രക്ഷിതാക്കളുടെ യോഗങ്ങൾ ഇടക്കിടക്ക് വിളിക്കണം. തുടർ പ്രവർത്തനങ്ങൾ ക്ലാസ്സ് പ്രക്രിയയുടെ ഭാഗമാക്കണം. ഇവ സാധൂകരിക്കുന്ന വിധം മൊഡ്യൂൾ തയ്യാറാക്കണം.

പ്രവർത്തന സമയം : ക്ലാസ്സും പഠന സമയം നഷ്ടപ്പെടാതെ 2.45 മുതൽ 3.30 വരെ സമയം ക്രമീകരിക്കുന്നു.

# I Can

നാടും നഗരവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പിന്നാലെ പോകുന്ന സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിലും ഇംഗ്ലീഷ് ഭാഷാ പരിപോഷണം അത്യന്താപേക്ഷിതമാണ്. ഇംഗ്ലീഷ് മീഡിയം ക്ലാസുകൾക്ക് പകരം ഇംഗ്ലീഷ് ഭാഷാ പഠനമാണ് ക്ലാസ് റൂമുകളിൽ നടക്കേണ്ടത് ധാരാളം കേട്ടാൽ മാത്രമേ അൽപം സംസാരിക്കാൻ കഴിയൂ എന്ന സത്യം മനസിലാക്കി കുട്ടികൾക്ക് ഇംഗ്ലീഷ് കേൾക്കാനും സംസാരിക്കാനും ധാരാളം അവസരം നൽകുക എന്നതാണ് പ്രധാനം. നമ്മുടെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ വേണ്ടത്ര അവസരം ലഭിക്കാത്തതാണ് കുട്ടികൾ ഈ മേഖലയിൽ പിന്നോക്കം പോകാൻ പ്രധാന കാരണം. ഇത് തരണം ചെയ്യാൻ കഴിയാത്തിടത്തോളം കാലം ഈ നില തുടരുക തന്നെ ചെയ്യും. ഇതിന് പരിഹാരം കാണേണ്ടത് പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന് അനിവാര്യമാണ്.

## പ്രശ്നങ്ങൾ

1. കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്നില്ല.
2. തുടർച്ചയായി/ശരിയായ അനുഭവങ്ങൾ കുട്ടികൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല.
3. ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ വേണ്ട സാഹചര്യം സ്കൂളിൽ ഉണ്ടാക്കാൻ സാധിക്കുന്നില്ല.
4. മുഴുവൻ സമയവും ഇംഗ്ലീഷ് ഭാഷാ പ്രയോഗത്തിലൂടെ ക്ലാസ് നയിക്കാൻ അധ്യാപകർക്ക് ആത്മവിശ്വാസം കുറവുണ്ട്.

ഈ പ്രശ്നങ്ങൾ തരണം ചെയ്ത് കുട്ടികളുടെ ഇംഗ്ലീഷ് പഠനം ഫലപ്രദമാക്കാൻ എന്തുചെയ്യണം. എന്ന ചിന്തയാണ് എല്ലാ കുട്ടികൾക്കും ഒപ്പം ഞങ്ങൾ ഇംഗ്ലീഷ് വിദഗ്ധ പരിശീലനം നൽകണം

എന്ന ആശയം ഉയർന്നുവന്നത്. എസ്.ആർ.ജി യോഗത്തിലും പി.ടി.എ യോഗത്തിലും നടന്ന ചർച്ചയുടെ ഫലമായി സ്പോക്കൺ ഇംഗ്ലീഷ് പഠിപ്പിക്കാൻ അത്യാവശ്യമെന്ന നിലയിൽ ഒരധ്യാപകനെ നിയമിക്കാൻ തീരുമാനിച്ചു. ആഴ്ചയിൽ രണ്ടു ദിവസം ഓരോ ക്ലാസിലും ഓരോ പിരീഡ് വീതം വിദഗ്ധ അധ്യാപകൻ ക്ലാസ് എടുക്കുകയും ക്ലാസ് അധ്യാപിക ക്ലാസ് ശ്രദ്ധിക്കുകയും ചെയ്യുന്നു. മറ്റു ദിവസങ്ങളിൽ ഇതിന് തുടർച്ചയായി ക്ലാസ് അധ്യാപകൻ തന്നെ ക്ലാസ് കൈകാര്യം ചെയ്യുന്നു. ഈ പ്രവർത്തനത്തിലൂടെ കുട്ടികളോടൊപ്പം അധ്യാപകർക്കും സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ വികസിപ്പിക്കുന്നു. തുടർച്ചയായ ഈ പ്രക്രിയയിലൂടെ അടുത്ത വാർഷിക പരീക്ഷയോടെ അധ്യാപകൻ തന്നെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യുമെന്ന നിലയിലേക്ക് ഉയരുമെന്നും കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കുന്നതിൽ നൈപുണി കൈവരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. വർഷാവസാനം സ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കും.

# ഗണിതം മധുരം

സ്കൂൾ പഠനകാലത്ത് കുട്ടികൾക്ക് ഏറ്റവും വിഷമം അനുഭവിക്കുന്ന പാഠ്യവിഷയമാണ് ഗണിതം. കുട്ടികൾക്ക് രസകരമായ ജീവിതാനുഭവങ്ങൾ നൽകാൻ ഗണിത അധ്യാപകർക്ക് പലർക്കും കഴിയാത്തതാണ് ഇതിന് കാരണം. വിരസമായ ക്രിയകളുടെ ലോകത്ത് ഇഴുകിച്ചേരാൻ കുട്ടികൾക്ക് കഴിയാറില്ല. വിരസമായ ക്ലാസ് മുറികൾ അവരെ ഗണിതപഠനത്തിൽ നിന്നും പിന്നോട്ട് വലിക്കുന്നു. ഇതിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ 'ഗണിതം മധുരം' എന്ന സ്കൂൾ പദ്ധതിക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചു.

## ഉദ്ദേശ്യങ്ങൾ

- മുഴുവൻ കുട്ടികളിലും ഗണിതതാൽപര്യം ഉണർത്തുക.
- ഗണിത പഠനം രസകരമാക്കുക.
- ഗണിത പസിലുകൾ രൂപീകരിക്കുക

2025-26 അധ്യയന വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഈ പദ്ധതിയിൽ ഗണിത കേളികൾ, ഗണിത മാജിക്കുകൾ, ഗണിത പസിലുകൾ, ഗണിതപ്പാട്ടുകൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് വിവിധ പ്രവർത്തനങ്ങളാണ് കോർത്തിണക്കാൻ ഉദ്ദേശിക്കുന്നത്. ആഴ്ചയിൽ ഇതിനായി ഒരു പീരീഡ് ഓരോ ക്ലാസിലും മാസത്തിലൊരിക്കൽ ക്ലാസ് തല ഗണിതോത്സവും നടത്താൻ തീരുമാനിച്ചു.

## പ്രവർത്തനം

ഓരോ മേഖലയിലും പ്രഗത്ഭരായ ഗണിതാധ്യാപകരെ ഉപയോഗപ്പെടുത്തി പ്രവർത്തന മൊഡ്യൂളുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഗണിത പസിലുകൾ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് (ക്ലാസുകളുടെ വ്യത്യാസം)

1, 2, 3, 4 ക്ലാസുകളിൽ ക്രമീകരിച്ച് മൊഡ്യൂൾ തയ്യാറാക്കും. സ്കൂളിലെ മുഴുവൻ അധ്യാപകരെയും തെരഞ്ഞെടുത്ത കുട്ടികളെയും ഉൾപ്പെടുത്തി "ഗണിതം മധുരം" ശിൽപശാല നടത്തും. ശിൽപശാലയിൽ P.T.A അംഗങ്ങളും വാർഡ് മെമ്പറും പ്രത്യേക ക്ഷണിതാക്കളായിരിക്കും.

തയ്യാറാക്കിയ മൊഡ്യൂളുകൾ ജൂലൈ മാസം മുതൽ തന്നെ ക്ലാസുകളിൽ പ്രയോജനപ്പെടുത്തും. ഓരോ ക്ലാസിലും ഗണിതാധ്യാപകർ തന്നെ മൊഡ്യൂൾ കൈകാര്യം ചെയ്യും. മാസത്തിൽ ഒരിക്കൽ നടക്കുന്ന ക്ലാസ്തല ഗണിതോത്സവത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ നിലവാരം വിലയിരുത്തും. വരും ദിവസങ്ങളിൽ മൊഡ്യൂളുകളിൽ വരുത്തേണ്ട മാറ്റങ്ങൾ അധ്യാപകരുമായി ചർച്ച ചെയ്യുകയും വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്യും. സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കുട്ടികളുടെ ഗണിത മാഗസിൻ ഗണിത പസിൽ എന്നിവ സ്കൂളിൽ സജ്ജമാക്കും.

ഇത്തരം പ്രവർത്തനങ്ങളിലൂടെ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുട്ടികൾക്കൊപ്പം രക്ഷിതാക്കളും ശിൽപശാലയിൽ പങ്കെടുക്കുന്നതിനാൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും ആത്മവിശ്വാസം ഉണ്ടാക്കാൻ കഴിയും.

# വിജയഭേരി

**ആമുഖം**

2025-26 കാലയളവിൽ 3,4 ക്ലാസുകളിലെ ശരാശരി നിലവാരക്കാരുടെ പഠനനിലവാരമുയർത്തി മുന്നോക്കക്കാരാക്കി മാറ്റുക എന്ന പ്രവർത്തനം ആരംഭിക്കുവാൻ SRG യോഗത്തിൽ തീരുമാനമായി.

**പ്രശ്നം**

പഠന പിന്നോക്കക്കാർക്കും മുന്നോക്കക്കാർക്കും പ്രത്യേക പാക്കേജുകൾ നടപ്പിൽ വരുത്തുന്ന സാഹചര്യത്തിൽ ഇടത്തട്ടുകാരായ ശരാശരിക്കാർ തഴയപ്പെട്ട് പോകുന്നു. അവരെയും ഒരു പിടി മുന്നിലെത്തിക്കാൻ വിവിധ പരിപാടികൾ ആവശ്യമാണ്.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

ഉച്ചാരണ ശുദ്ധിയോടെ വായിക്കാനും അക്ഷരത്തെറ്റില്ലാതെ എഴുതാനും കഴിയൽ.
വായനയ്ക്ക് കൂടുതൽ അവസരങ്ങൾ നൽകൽ
ഗണിതക്രിയകൾ തെറ്റില്ലാതെ ചെയ്യൽ.
തുടർ പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകൽ

**പ്രവർത്തനം**

ദിവസം 1 മണിക്കൂർ വീതം 40 ദിവസങ്ങളിലായി പ്രവർത്തനം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഭാഷ, ഗണിതം, വിഷയങ്ങളിലായി മൊഡ്യൂൾ തയ്യാറാക്കി

പഠന സമയം നഷ്ടപ്പെടുത്താതെ ദിവസം 2.45 മുതൽ 3.30 വരെ സമയ ക്രമീകരണം നടത്തി പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിനായി അധ്യാപകർക്ക് ചുമതല വിഭജനം നടത്തി. ഓരോ മൊഡ്യൂളുമായി ബന്ധപ്പെടുത്തി ആവശ്യമായ വർക്ക് ഷീറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്. ഈ വർക്ക്ഷീറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്. ഈ വർക്ക് ഷീറ്റുകൾ മൂല്യ നിർണ്ണയത്തിനായി പ്രയോജനപ്പെടുത്താം.

### പഠന സാമഗ്രികൾ

ചാർട്ടുകൾ, വായനാ സാമഗ്രികൾ, മാർക്കർ പേന, സ്കെച്ച് പേന, വർക്ക് ഷീറ്റുകൾ.

# വലിച്ചെറിയല്ലേ...

പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഉപകാരപ്രദമായ വസ്തുക്കൾ നിർമ്മിക്കാനുള്ള പദ്ധതി. കുട്ടികൾക്കും താൽപര്യമുള്ള രക്ഷിതാക്കൾക്കും പരിശീലനം നൽകും. അതിനായി വിദഗ്ധരായ ആളുകളെ പരിശീലനത്തിനായി നിയോഗിക്കണം. പ്രദർശന മേള സംഘടിപ്പിക്കണം.

# ദിനാചരണങ്ങൾ

കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ച ഏറ്റവും കൂടുതൽ നടക്കുന്നത് പ്രൈമറി വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. അതുകൊണ്ട് തന്നെ അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളായിരിക്കണം കുട്ടികൾക്ക് നൽകേണ്ടത്. ക്ലാസ്മുറികളിലെ പഠനത്തോടൊപ്പം വാതിൽപ്പുറ പഠനങ്ങൾ കുട്ടികളുടെ മാനസികവും, ശാരീരികവും ഭൗതികവുമായ വളർച്ച ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സവിശേഷ ദിനങ്ങൾ പ്രത്യേകമായി ആചരിക്കുന്നത്.

എല്ലാ ദിനങ്ങൾക്കും അതിന്റേതായ പ്രാധാന്യം ഉണ്ടെങ്കിലും കുട്ടികളുടെ പ്രായം, സാമൂഹ്യ പശ്ചാത്തലം, ഭൗതിക നിലവാരം തുടങ്ങിയവയെല്ലാം പരിഗണിച്ച് ഓരോ മാസത്തിലും രണ്ടുവീതം ദിനങ്ങൾ പ്രത്യേകമായി തിരഞ്ഞെടുത്ത് ആചരിക്കാൻ തീരുമാനമായി. മറ്റു ദിനങ്ങൾക്ക് അതിന്റേതായ പ്രാധാന്യം നൽകി. മറ്റു പ്രവർത്തനങ്ങൾ നൽകാനും തീരുമാനിച്ചു.

അറബി ഭാഷയിൽ [illegible] അടിസ്ഥാന ശേഷികൾ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ പല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. അതിനായി വായനാ മത്സരങ്ങൾ, സ്കൂൾ ക്ലാസ് ലൈബ്രറികളിൽ അറബി ബുക്കുകൾ ഉൾപ്പെടുത്തൽ, വായനാ കുറിപ്പുകൾ തയ്യാറാക്കൽ, അറബിക് പത്രവായന / റേഡിയോ എന്നിവയും അതോടൊപ്പം വിദ്യാർത്ഥികളെ വായനയിലൂടെയും എഴുത്തിലൂടെയും ആശയ ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി പതിപ്പ് നിർമ്മാണം, വായനാ കുറിപ്പ് ശേഖരണം, ചുമർ പത്രിക, പോസ്റ്ററുകൾ. വിവിധ തരം ഭാഷാ കളികൾ എന്നിവ അധ്യാപകരുടെ സഹായത്തോടെ [illegible] ചെയ്യുന്നു

# ക്ലാസ് ലൈബ്രറി

വായിച്ച് വളരുക എന്ന സന്ദേശം ഉൾക്കൊണ്ട് കുട്ടികളിലെ വായനാ ശീലം വളർത്തുക, ലോക സാഹിത്യ ജാലകങ്ങൾ അവർക്കു മുൻപിൽ തുറക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് ക്ലാസ്സ് ലൈബ്രറികൾ സജ്ജീകരിക്കുന്നത്. ഇതോടൊപ്പം കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുക വഴി പ്രതിഭാധാരനായ ഒരു തലമുറയെ വാർത്തെടുക്കാൻ ക്ലാസ് ലൈബ്രറികൾ വഴി സാധ്യമാകുമെന്ന് പ്രത്യാശിക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

* കുട്ടികളിലെ വായനാ ശീലം വളർത്തുക.
* വായിച്ചു വളരുക എന്ന സംസ്കാരം വളർത്തുക.
* വ്യത്യസ്ത എഴുത്തുകാരെയും അവരുടെ കൃതികളെയും പരിചയപ്പെടുക.
* കുട്ടികളിലെ സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുക.
* കുട്ടികൾക്ക് അവരുടെ ഒഴിവുസമയങ്ങൾ ക്രിയാത്മകമായി ഉപയോഗിക്കുവാനുള്ള ശീലം വളർത്തുക.

## സമയം

2025 ജൂൺ മുതൽ 2026 മാർച്ച് വരെ

## പ്രവർത്തനം

സ്കൂളിലെ 1 മുതൽ 4 വരെ ക്ലാസുകളിലെ വിവിധ നിലവാരക്കാരായ കുട്ടികളെ പരിഗണിച്ച് കൊണ്ട് ഓരോ ക്ലാസ്സധ്യാപികയും ആവശ്യമായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറികളിൽ നിന്നും ശേഖരിക്കുന്നു. കൂടാതെ ദിന പത്രങ്ങൾ ബാലമാസികകൾ എന്നിവയും അതത് സമയങ്ങളിൽ ക്ലാസ്മുറിയിലെത്തിക്കുന്നു. ഒഴിവുസമയങ്ങളിൽ അവർക്കിഷ്ടമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നതിനും പുസ്തകങ്ങൾ മാസികകൾ എന്നിവ അടുക്കും ചിട്ടയോടും കൂടി ക്രമീകരിക്കാനും ലൈബ്രറി കുട്ടികളെ സഹായിക്കും

# അമ്മയോടൊപ്പം

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ കുട്ടികളുടെ മാനസികാവസ്ഥ , സ്വഭാവം, ശീലങ്ങൾ എന്നിവക്ക് തികച്ചും മാറ്റം വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ രക്ഷിതാക്കളെ ബഹുമാനിക്കുകയോ അനുസരിക്കുകയോ ചെയ്യുക എന്നത് പല കുട്ടികൾക്കും പ്രയാസകരമായി മാറിയിരിക്കുന്നു. അവരുടെ ഈ മാറ്റത്തെ മറികടക്കുന്നതിനായി അമ്മയോടൊപ്പം ഇരുത്തി ഒരു ബോധവൽക്കരണ ക്ലാസ്സ് നൽകിയാൽ അവർക്ക് കുറേ കാര്യങ്ങൾ മനസ്സിലാക്കാനാകും. ബോധവൽക്കരണ ക്ലാസ് നൽകുന്നതിനായ വിദഗ്ദരായ ആളുകളെ നിയോഗിക്കും.

# രുചിക്കൂട്ട്

ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിലെ കുട്ടികളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ഭക്ഷ്യ വിഭവങ്ങൾ നിന് തയ്യാറാക്കി കൊണ്ടുവരുകയും അതിന്റെ പ്രദർശനമേള നടത്തുകയും ചെയ്യാൻ അവസരം കൊടുക്കുന്നു. നാട്ടു ഭക്ഷണത്തിന്റെ രുചി അറിയാനും നാടൻ ഭക്ഷണത്തിന്റെ ഗുണവും പ്രാധാന്യവും മനസിലാക്കാനും ഇത്തരം ഭക്ഷ്യമേളയിലൂടെ സാധിക്കുന്നു.

# മരം ഒരു വരം

കുട്ടികൾ വിദ്യാലയ പരിസരത്തും വീട്ടുപറമ്പിലും വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതി. ഇത് കുട്ടികളിൽ പരിസ്ഥിതി സ്നേഹം വളർത്തുവാൻ ഈ പദ്ധതി സഹായിക്കുന്നു. കുട്ടികൾ നട്ടുപിടിപ്പിച്ച മരം/ചെടിയുടെ വളർച്ച രേഖപ്പെടുത്തുന്നു.